ട്രഷറികളിൽ സർവർ സംവിധാനം

160 (4151) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ട്രഷറികളിൽ സർവർ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; ട്രഷറി അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;ഇത് എന്നു മുതൽ ലഭ്യമാക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ സെൻട്രൽ സെർവർ സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ചു കഴിഞ്ഞു. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർ ബാങ്കിംഗിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. രണ്ട് ഘട്ടങ്ങളിലായി ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. ഈ സൗകര്യം നിലവിൽ വരുമ്പോൾ ഒരു ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ മറ്റേത് ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കുന്നതാണ്.

ട്രഷറി കമ്പ്യൂട്ടർവൽക്കരണം

161 (4152) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ട്രഷറി കമ്പ്യൂട്ടർവൽക്കരണംമൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ട്രഷറികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly